# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനത്തിന് അപേക്ഷിക്കാം

കൊല്ലം: യന്ത്രവത്കൃത തെങ്ങുകയറ്റത്തിന് പുത്തൻ മാനം നൽകിയ ചങ്ങാതിക്കൂട്ടത്തിന്റെ രണ്ടാംഘട്ട പരിശീലനപദ്ധതി ജില്ലയിൽ വിജയകരമായി തുടരുന്നു. യന്ത്രസഹായത്തോടെ തെങ്ങുകയറി വരുമാനം നേടാനുള്ള അവസരമാണ് ചങ്ങാതിക്കൂട്ടം പരിശീലനത്തിലൂടെ ലഭിക്കുന്നത്. പരിശീലനം കഴിഞ്ഞ ചങ്ങാതിമാർ ദിവസവും 600 രൂപ മുതൽ 1,500 രൂപ വരെ വരുമാനം നേടുന്നുണ്ട്. നാളികേരവികസന ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരകർഷക കൂട്ടായ്മകളായ 220ഓളം സി.പി.എസുകളിലും സി.പി.എഫ്.കളിലുമായി ഒട്ടനവധി തൊഴിലവസരങ്ങളാണ് ഇവരെ കാത്തിരിക്കുന്നത്. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഇരുചക്രവാഹനങ്ങൾ വാങ്ങുന്നതിന് വായ്പ അനുവദിക്കുന്നുണ്ട്. വായ്പാസൗകര്യം ഉപയോഗിച്ച് ഇതുവരെ പത്ത് ചങ്ങാതിമാർ ഇഷ്ടവാഹനം സ്വന്തമാക്കി. ചങ്ങാതിക്കൂട്ടം രണ്ടാംഘട്ട പരിശീലനം മാർച്ചോടെ അവസാനിക്കും. ഫിബ്രവരിയിലും മാർച്ചിലും നടത്തുന്ന പരിശീലനപരിപാടിയിൽ ആദ്യം അപേക്ഷിക്കുന്ന 150 പേർക്കുമാത്രമായിരിക്കും പ്രവേശനം.

പരിശീലനത്തിന് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് കേരകൃഷിയുടെ ശാസ്ത്രീയവശങ്ങളെക്കുറിച്ചും പരിപാലന രീതിയെക്കുറിച്ചും വിദഗ്ധർ ക്ലാസുകൾ എടുക്കും. ആറുദിവസത്തെ പരിശീലനത്തിൽ തെങ്ങുകയറ്റം, തെങ്ങുകയറ്റയന്ത്ര പരിചയം, വിത്ത്തേങ്ങ സംഭരണം. ആശയവിനിമയം, സമ്പാദ്യശീലം, കൃത്രിമ പരാഗണം, മരുന്നുതളിക്കല്, സങ്കരണവിദ്യ, കേരസംരക്ഷണം തുടങ്ങിയവയും പാഠ്യവിഷയമാകും. പരിശീലന കാലയളവിൽ ശാരീരികവും മാനസികവുമായ ആരോഗ്യം ഉറപ്പിക്കാൻ ജോഗിങ്ങും വ്യായാമവും ശ്വസന പരിശീലനവും യോഗാ ക്ലാസുകളും നടത്തുന്നുണ്ട്.

സ്ഥിരവരുമാനം ആഗ്രഹിക്കുന്ന 18 നും 40 നും ഇടയിൽ പ്രായമുള്ള പൂർണ ആരോഗ്യമുള്ള യുവതീയുവാക്കളെയാണ് പരിശീലനത്തിലേക്ക് ക്ഷണിക്കുന്നത്. അപേക്ഷകർ കുറഞ്ഞത് ഏഴാം ക്ലാസ് ജയിച്ചിരിക്കണം. ഒരു ബാച്ചിൽ 20 പേർക്ക് താമസിച്ചുള്ള പരിശീലനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ആറുദിവസം നീളുന്ന പരിശീലന പരിപാടിയിൽ താമസസൗകര്യം, ഭക്ഷണം എന്നിവ ലഭ്യമാണ്. 150 രൂപ ദിവസബത്തയും ലഭിക്കും. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തെങ്ങുകയറ്റ മെഷീനും നാളികേര വികസന ബോർഡ് സൗജന്യമായി നൽകും. സൗജന്യ ഇൻഷുറൻസും ഏർപ്പെടുത്തിയിട്ടുണ്ട്.

ജില്ലയിൽ വൈ.എം.സി.എ.യുടെ നേതൃത്വത്തിൽ കൊട്ടിയം, പുല്ലിച്ചിറ ക്യാമ്പ് സെന്ററിലും കേരള കാർഷിക സർവകലാശാലയുടെ കൃഷിവിജ്ഞാനകേന്ദ്രം സദാനന്ദപുരം സെന്ററിലും നടത്തുന്ന അടുത്ത ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു.

ജില്ലയിൽനിന്ന് നാളികേരവികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരോത്പാദക സംഘങ്ങൾക്ക് കുറഞ്ഞത് അഞ്ച് ചങ്ങാതിമാരെ പരിശീലനത്തിന് തിരഞ്ഞെടുത്തയയ്ക്കാം. ഉത്പാദക സംഘങ്ങളിലേക്ക് ഇവരുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യാം. യന്ത്രവത്കൃത തെങ്ങുകയറ്റം തൊഴിലായി സ്വീകരിച്ച് നല്ല വരുമാനം ലഭിക്കാനും കേരകർഷകർക്ക് വിളിപ്പാടകലെ സേവനമൊരുക്കാനും താത്പര്യമുള്ള യുവജനങ്ങൾ താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടണം. മീര (ടെക്നിക്കൽ ഓഫീസര്)-9526328932, എലിസബത്ത് പീറ്റർ (ഹോർട്ടികൾച്ചർ അസിസ്റ്റന്റ്)-9633478206, അനിൽ (മാസ്റ്റർ ട്രെയിനര്)-9447303811, വൈ.എം.സി.എ.-0474 2746912.